# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 01.07.2021 തീയതിയിലെ ഈ ഓഫീസിലെ ഇ1-16362/2021/PrHQ നമ്പർ ഉത്തരവ്.
2. 11/11/2021 തീയതിയിലെ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം നം: 3303 വാല്യം 10.

**ഉത്തരവ് നമ്പർ. E1-19042/2021/PrHQ; തീയതി : 18-11-2021**

2021 വർഷം ജയിൽ വകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ 13 ഒഴിവുകൾ നിലവിൽ വന്നു. എന്നാൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിൽ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) കൂടുന്നതിന് കാലതാമസം നേരിട്ടു. തുടർന്ന് ജയിൽ വകുപ്പിന്റെ ഭരണ സൗകര്യാർത്ഥവും പൊതുതാത്പര്യവും പരിഗണിച്ച് സുപ്രധാന തസ്തികയായ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലെ 13 ഒഴിവുകളിലേയ്ക്ക്, ഫീഡർ കാറ്റഗറിയായ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റും യോഗ്യതയും പരിഗണിച്ച് ഡെപ്യൂട്ടി സൂപ്രണ്ട്/സൂപ്രണ്ട് സ്പെഷ്യൽ സബ് ജയിൽ തസ്തികയിൽ താത്കാലികമായി സ്ഥാനക്കയറ്റം നൽകി പരാമർശം 1 പ്രകാരം നിയമിച്ചു ഉത്തരവായിരുന്നു.

ടി തസ്തികയിലേയ്ക്കുള്ള ഒഴിവിലേയ്ക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) 27.10.2021 തീയതിയിൽ ചേരുകയും പരാമർശം 2 പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആയതിനാൽ പരാമർശം 1 പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. പരാമർശം 1 പ്രകാരം താൽക്കാലികമായി പ്രൊമോഷൻ നൽകിയ 13 പേരിൽ ഉൾപ്പെട്ടിരുന്ന ശ്രീ.കെ. രാമകൃഷ്ണനെ കഴിഞ്ഞ 3 വർഷത്തിലെ ACR-ന്റെ അഭാവത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) സെലക്ട് ചെയ്തിരുന്നില്ല. ആയതിനു പകരം യോഗ്യതയുള്ള ക്രമ നം.13 ആയ ശ്രീ. അനിൽകുമാർ ജി.യെ സെലക്ട് ചെയ്തിരുന്നു.

പരാമർശം 2ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടിയുള്ള 2021 വർഷത്തെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റ് പ്രകാരം ജയിൽ വകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ നിലവിലുണ്ടായിരുന്ന 13 ഒഴിവിലേയ്ക്ക് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് 55200-115300 ശംബള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു:

| ക്രമ നം. | പേരും നിലവിൽ ജോലി നോക്കുന്ന സ്ഥാപനം | പേരും പ്രൊമോഷൻ നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. എ.കെ. സുരേഷ്, ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), ജില്ലാ ജയിൽ, കോഴിക്കോട് | ശ്രീ. എ.കെ. സുരേഷ്, ഡെപ്യൂട്ടി സൂപ്രണ്ട്, ജില്ലാ ജയിൽ, കോഴിക്കോട് |

| | | |
|---|---|---|
| 2 | ശ്രീ. റിജിൻ മോഹൻ, ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), ജില്ലാ ജയിൽ, തിരുവനന്തപുരം | ശ്രീ. റിജിൻ മോഹൻ, ഡെപ്യൂട്ടി സൂപ്രണ്ട്, ജില്ലാ ജയിൽ, തിരുവനന്തപുരം |
| 3 | ശ്രീ. അംജിത്ത് എ., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തവനൂർ | ശ്രീ. അംജിത്ത് എ., ഡെപ്യൂട്ടി സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തവനൂർ |
| 4 | ശ്രീ. ഉണ്ണികൃഷ്ണൻ വി.എസ്., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | ശ്രീ. ഉണ്ണികൃഷ്ണൻ വി.എസ്., ഡെപ്യൂട്ടി സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം |
| 5 | ശ്രീ. രതീഷ് ആർ.പി., സൂപ്രണ്ട് (താൽക്കാലികം), സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര | ശ്രീ. രതീഷ് ആർ.പി., സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര |
| 6 | ശ്രീ. പ്രവീഷ് റ്റി.ജെ., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ | ശ്രീ. പ്രവീഷ് റ്റി.ജെ., ഡെപ്യൂട്ടി സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ |
| 7 | ശ്രീ. സൂരജ് വി.വി., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തവനൂർ | ശ്രീ. സൂരജ് വി.വി., ഡെപ്യൂട്ടി സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തവനൂർ |
| 8 | ശ്രീ. ഷൈജു എ., സൂപ്രണ്ട് (താൽക്കാലികം), സ്പെഷ്യൽ സബ് ജയിൽ, മഞ്ചേരി | ശ്രീ. ഷൈജു എ., സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, മഞ്ചേരി |
| 9 | ശ്രീ. പ്രതാപചന്ദ്രൻ സി.വി. സൂപ്രണ്ട് (താൽക്കാലികം), സ്പെഷ്യൽ സബ് ജയിൽ, ചിറ്റൂർ | ശ്രീ. പ്രതാപചന്ദ്രൻ സി.വി. സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, ചിറ്റൂർ |
| 10 | ശ്രീ. ബാലകൃഷ്ണൻ എം.കെ., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), അതീവ സുരക്ഷാ ജയിൽ, വിയ്യൂർ | ശ്രീ. ബാലകൃഷ്ണൻ എം.കെ., ഡെപ്യൂട്ടി സൂപ്രണ്ട്, അതീവ സുരക്ഷാ ജയിൽ, വിയ്യൂർ |
| 11 | ശ്രീ. രാജശേഖരൻ നായർ ജി., സൂപ്രണ്ട് (താൽക്കാലികം), സ്പെഷ്യൽ സബ് ജയിൽ, ദേവികുളം | ശ്രീ. രാജശേഖരൻ നായർ ജി., സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, ദേവികുളം |
| 12 | ശ്രീ. എസ്ദോർ ജോയി W.P., ഡെപ്യൂട്ടി സൂപ്രണ്ട് (താൽക്കാലികം), സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | ശ്രീ. എസ്ദ്ദർ ജോയി W.P., ഡെപ്യൂട്ടി സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം |
| 13 | ശ്രീ. അനിൽ കുമാർ ജി.,അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, സിക്ക, തിരുവനന്തപുരം | ശ്രീ. അനിൽ കുമാർ ജി., സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി |

ടി ഉത്തരവ് നിലവിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസിന്റെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

ടി ഉത്തരവ് എത്രയും വേഗം നടപ്പിലാക്കി വിവരം ജയിലാസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : 1. The Principal Accountant General (A&E), Kerala, Thiruvananthapuram.
2. ഡി.ഐ.ജി ഓഫ് പ്രിസൺസ് ദക്ഷിണമേഖല/മധ്യമേഖല/ഉത്തരമേഖല.
3. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്ക്
4. ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും.
കൺട്രോൾറൂം/ വെബ്സൈറ്റ്/ഒ.സി./എസ്.എഫ്

E1-19042/2021/PrHQ

070376